ശ്രീ. കെ. സി. ജോർജ്ജ് : ഇവിടെ പറഞ്ഞ കണക്കിൽ അധികഭാഗവും കഴിഞ്ഞകൊല്ലം വാങ്ങിയ കണക്കാണ്. കഴിഞ്ഞകൊല്ലം പാലക്കാട്ടുനിന്നുമാണ് അധികവും വാങ്ങിയിട്ടുള്ളത്.

ശ്രീ. ആർ. സുഗതൻ : ഇക്കഴിഞ്ഞവർഷം കുട്ടനാട്ടുനിന്നും അരി എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : എടുത്തിട്ടില്ല. അതിനുള്ള സ്കീം പരിപൂർണ്ണമായി തയാറായിട്ടില്ല.

ശ്രീ. കെ. ആർ. നാരായണൻ : പാലക്കാട്ടുനിന്നും അരി ധാരാളമായി പുറത്തേക്കു പോകുന്നു എന്നു കേൾക്കുന്നതിൽ പരമാർത്ഥമുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ പോകുന്ന വിവരം ഗവണ്മെൻറിന്റെ അറിവിൽപ്പെട്ടിട്ടില്ല

ശ്രീ. കെ. ആർ. നാരായണൻ : അങ്ങനെ ധാരാളം അരി പാലക്കാട്ടുനിന്നും പുറത്തേക്കു പോകുന്നതായി പത്രറിപ്പോർട്ടുകൾ ഉണ്ടെന്നറിയാമോ?

ശ്രീ. കെ. സി. ജോർജ്ജ് : പത്രറിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടോയെന്നു നിശ്ചയമില്ല. ഏതായാലും പാലക്കാട്ടുനിന്നും പുറത്തേക്കു അരി പോകുന്നതായി ഗവണ്മെൻറിനു അറിവില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : നെല്ല് വിലയ്ക്കു വാങ്ങിയിട്ടുള്ളതും വിതരണം ചെയ്യാനാണോ, അതോ സ്റ്റോക്കു ചെയ്യാനാണോ ?

ശ്രീ. കെ. സി. ജോർജ്ജ് : ആദ്യമെ വാങ്ങി സ്റ്റോക്കു ചെയ്യും. പിന്നീടു വിതരണം ചെയ്യും.

WRITTEN ANSWERS.

അരിയുടെ വിലവർദ്ധനവു്.

* 1537. [28] ശ്രീ. പി. എം. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മാർക്കറ്റിൽ അരിയുടെ വില അമിതമായി വർദ്ധിച്ചിരിക്കുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അരിയുടെ വില കുറയ്ക്കുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) മാർക്കറ്റിൽ അരിവില കൂടുതലായ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ന്യായവിലഷാപ്പുകളിൽ കൂടിയുള്ള അരിവിതരണം തുടർന്നുകൊണ്ടു പോകുന്നതിനു് മാസംതോറും 25,000 ടൺ അരിയെങ്കിലും കേരളത്തിനു നൽകണമെന്നു് നിവേദനം നടത്തിയതിന്റെ ഫലമായി കേന്ദ്രം ഈ മേയ് മാസം മുതൽ ആഗസ്റ്റുവരെയുള്ള 4 മാസക്കാലത്തേക്കു് 50,000 ടൺ അരി തരാമെന്നു സമ്മതിച്ചിട്ടുണ്ട്. കൂടാതെ നിശ്ചയപ്പെടുത്തിയ നിരക്കിൽ കുറയാത്ത വിലയ്ക്കു് അരി ആന്ധ്രാ മാർക്കറ്റുകളിൽനിന്നു് വാങ്ങുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഈ നടപടികളുടെ പരോക്ഷഫലങ്ങളും ആന്ധ്രായിൽ അടുത്തുവരുന്ന വിളവെടുപ്പും ഒത്തുചേർന്നു വിലക്കയറ്റത്തെ ഫലപ്രദമായി തടയുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly